**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 378** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വളാഞ്ചേരിയിൽ പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട വ്യാപാര-വിദ്യാഭ്യാസ കേന്ദ്രമായ വളാഞ്ചേരിയിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

വളാഞ്ചേരി കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടത് അനിവാര്യമാണ്. വാളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി കോട്ടക്കൽ മണ്ഡലത്തിലെ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ റീ-സർവ്വേ നം.34/4-ൽപ്പെട്ട 42 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി തിരൂർ തഹസീൽദാരുടെ 22.01.2017-ലെ 6/1448/17 നമ്പർ ഉത്തരവ് പ്രകാരം വകുപ്പിന് കൈമാറി ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലത്ത് നിന്ന് ദേശിയ പാതയുടെ വികസനത്തിന് വേണ്ടി 12.5 സെന്റ് സ്ഥലം ഒഴിവാക്കി ബാക്കി 29.5 സെന്റ് സ്ഥലം ലഭ്യമാണ്. എന്നാൽ 18.02.2021-ലെ സ.ഉ(കൈ)നം.51/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം 5 ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും 10 ഫയർ സ്റ്റേഷനുകൾക്ക് തത്വത്തിൽ അനുമതി നൽകിയും സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ വളാഞ്ചേരി ഉൾപ്പെട്ടിട്ടില്ല.

**(ബി)** ദേശീയപാതയിൽ തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്ന വട്ടപ്പാറ വളവിലും സമീപപ്രദേശങ്ങളിലും ഉണ്ടാകുന്ന തീപിടുത്തങ്ങൾ, മറ്റ് ദുരന്ത സാഹചര്യങ്ങൾ തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ നിലവിൽ കിലോമീറ്ററുകൾ അകലെയുള്ള തിരൂർ, പെരിന്തൽമണ്ണ ഫയർ സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് രക്ഷാപ്രവർത്തനം വൈകുന്നതിന് കാരണമാകുന്നത് കണക്കിലെടുത്ത് വളാഞ്ചേരിയിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വികരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

പരിഗണിക്കാവുന്നതാണ്.

**(സി)** വളാഞ്ചേരിയിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**